പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*167 17-03-2015 ന് മറുപടിയ്ക്ക്

## വനമേഖലയിലെ ഭരണ സേവന പ്രവർത്തനങ്ങൾ


| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>" എൻ. ഷംസുദ്ദീൻ<br>" കെ. എം. ഷാജി<br>" എം. ഉമ്മർ | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനമേഖലയിലെ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും, കുറ്റമറ്റ സിവിൽ ഭരണസേവന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ശരിയായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; | (എ) വനമേഖലയിലെ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമത്തിനായി വനം വകുപ്പിന്റെ ഫണ്ടും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടും ഉപയോഗിച്ച് വനം വകുപ്പ് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ശരിയായി പ്രവർത്തിക്കുന്നു എന്ന് വകുപ്പുതല പരിശോധനകൾ വഴി ഉറപ്പു വരുത്തുന്നുണ്ട്. വനം ഡിവിഷൻ തലത്തിൽ വന വികാസ ഏജൻസികളും, സെക്ഷൻ, റെയിഞ്ച്, ജില്ലാ തലത്തിൽ വനമേഖലാ ജാഗ്രതാ സമിതികളും, നിർവ്വഹണ തലത്തിൽ വന സംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയും പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാണോ എന്ന് വിവിധ തലങ്ങളിൽ പരിശോധനകൾ നടത്താറുണ്ട്. |
| (ബി) എങ്കിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ പരിശോധനയിൽ വനം വകുപ്പുതലത്തിൽ മേൽപ്പറഞ്ഞ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ പൊതുവെ കാര്യക്ഷമമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇതിൽ മൂന്നാർ വനവികാസ ഏജൻസിയുടെ കീഴിൽപ്പെട്ട മൂന്ന് ആദിവാസി വനസംരക്ഷണ സമിതികൾ മുഖേന ദേശീയ വനവൽക്കരണ |

പദ്ധതിയിൽപ്പെടുത്തി നടപ്പാക്കിയ ഏതാനും ഭൂമി വികസന പദ്ധതികളിലും നടത്തിപ്പിൽ ടി സംവിധാനങ്ങളുടെ പരാജയം മൂലം ക്രമക്കേടുകൾ കണ്ടെത്തി. തുടർന്ന് വകുപ്പുതല സംവിധാനം ഉപയോഗിച്ച് വിശദമായ അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എ.ഡി.ജി.പി തലത്തിൽ ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ഇതേവരെ നടത്തിയ ഏകോപന പ്രവർത്തനങ്ങളുടെ വിശദവിവരം നല്കാമോ?

(സി) 29-05-2013 ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം.1473/13/ആഭ്യന്തരം പ്രകാരം വടക്കൻ മേഖലകളിലെ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എ.ഡി.ജി.പി ഡോ.ബി. സന്ധ്യ ഐ.പി.എസിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

ഏകോപന പ്രവർത്തനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.



സെക്ഷൻ ഓഫീസർ

എ.ഡി.ജി.പി യോഗ ശേഷം സന്ധ്യ [illegible] സന്ദർശിക്കുകയും അവിടത്തെ വിദൂരമായ ഏതാനും ഊരുകൾ (ഭൂതയാർ, മുലംകൊമ്പ്, ഇടവാണി ഉൾപ്പെടെ) സന്ദർശിക്കുകയും ആദിവാസികളുമായി സംവദിക്കുകയും ചെയ്തു. അവരുടെ പ്രശ്നങ്ങൾ കുടിവെള്ളം, വൈദ്യുതി, റോഡ്, ആരോഗ്യം, കള്ളവാറ്റ്, വിദ്യാഭ്യാസ അസൗകര്യങ്ങൾ തുടങ്ങിയവയാണ്. ഇക്കാര്യങ്ങൾ അതത് വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് അവരെ ധരിപ്പിക്കുകയും ചെയ്തു. എല്ലാ വകുപ്പുകളും പരസ്പര ധാരണയോടും, ഒത്തൊരുമയോടും കൂടി പ്രവർത്തിക്കാൻ യോഗത്തിൽ ധാരണയിലെത്തിയിട്ടുണ്ട്. കൂടാതെ ഒരു ജനസമ്പർക്ക പരിപാടി നടത്തുകയും അതിൽ 500-ലധികം ആൾക്കാർ പങ്കെടുക്കുകയും 200-ഓളം പരാതികൾ ലഭിക്കുകയും ഉണ്ടായി. പരാതികൾ രജിസ്റ്റർ ചെയ്ത് അതത് വകുപ്പുകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

ജനമൈത്രി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതികൾ വ്യാപകമാക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ തീരുമാനമെടുത്തതിന്റെ ഫലമായി കുട്ടികളുടെ സ്പോർട്ട്സിലും മറ്റുമുള്ള പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന് കെ.എ.പി രണ്ടാം ബറ്റാലിയനും പാലക്കാട് ജില്ലാ സ്പോർട്ട്സ് കൗൺസിലും ചേർന്ന് പദ്ധതി ആവിഷ്കരിച്ച് നടത്തിവരുന്നു.

മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ധാരാളം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ ജില്ലാ പോലീസും, എക്സൈസ്, ഫോറസ്റ്റ് വകുപ്പുകളും സന്നദ്ധ സംഘടനകളും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

അട്ടപ്പാടിയിൽ ആദിവാസികളുടെ സ്ഥലം പാട്ടത്തിനെടുത്തു ഭൂമി കയ്യേറി കൃഷി ചെയ്തും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി തട്ടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും അതുവഴി ലഭിച്ച 60 ഓളം പരാതികൾ നടപടികൾ സ്വീകരിക്കുന്നതിലേക്കായി റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

Ajith-B

സെക്ഷൻ ഓഫീസർ